(ഡി) M/s Bahwan CyberTek Pvt. Limited എന്ന ചെന്നൈയിലുള്ള കമ്പനിക്കാണ് ഇ.ആർ.പി. (എന്റർ പ്രൈസ് റിസോഴ്സ് പ്ലാനിംഗ്) പദ്ധതി കരാർ നൽകിയിരിക്കുന്നത്. ഈ പദ്ധതിയുടെ അടങ്കൽ തുക 19.5 കോടി രൂപയാണ്. കരാർ പ്രകാരം ഈ പ്രവൃത്തികൾ 2015 മേയ് മാസത്തോടുകൂടി തീർക്കേണ്ടതാണ്.

പൊന്നാനി മാറഞ്ചേരിയിൽ VCB തകരാർ

185 (2740) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ പുളിക്കക്കടവിലുള്ള മാത്തിൽ തോടിന് കുറുകെയുള്ള VCB തകർന്നതുമൂലം നൂറുകണക്കിന് ഹെക്ടർ നെൽകൃഷി സ്ഥലത്തേക്ക് ഉപ്പുവെള്ളം കയറുന്നതിനാൽ കർഷകരും, കുടിവെള്ളം ലഭിക്കാതെ നൂറുകണക്കിന് കുടുംബങ്ങളും പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ VCB പണിയായുള്ള മൈനർ ഇറിഗേഷന്റെ പ്രോപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അടുത്ത RIDF ഫണ്ടിലോ അല്ലെങ്കിൽ മറ്റ് ഫണ്ടുകളോ വകയിരുത്തി പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയാറാക്കി വരികയാണ്.

പാലക്കാട് ജില്ല കാഡ പദ്ധതി

186 (2741) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ കാഡ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഏതെല്ലാം പ്രവൃത്തികൾക്കായാണ് അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly